കടന്നുവരുന്ന റോഡുകളാണ്. ഈ രണ്ട് റോഡുകളും തകർന്നുകിടക്കുന്നതുകൊണ്ട് ജനങ്ങൾക്ക് നിത്യോപയോഗസാധനങ്ങൾ കൊണ്ടുവരാനും യാത്ര ചെയ്യാനും വളരെയധികം ബുദ്ധിമുട്ടുണ്ട്. എത്രയും വേഗം നടപടി സ്വീകരിച്ച് റോഡുകൾ നന്നാക്കി സഞ്ചാരയോഗ്യമാക്കിത്തീർക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ) : സർ സംസ്ഥാനത്തുണ്ടായ കാലവർഷം മലയോരജില്ലയായ ഇടുക്കിയെ സാരമായി ബാധിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലൂടെ കടന്നുപോകുന്ന ദേശിയപാത-49-ൽപ്പെട്ട പൂപ്പാറ-ദേവികുളം ഭാഗത്ത് മഴയെത്തുടർന്ന് ഉണ്ടായ മലയിടിച്ചിൽ ഗതാഗത തടസ്സത്തിന് കാരണമായിട്ടുണ്ട്. ദേശീയ പാതാ വിഭാഗം ചീഫ് എൻജിനീയർ നേരിട്ടുതന്നെ 27-6-2003-ൽ സ്ഥലം സന്ദർശിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ ഗതാഗതം പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മരാമത്ത് പണികൾ ദ്രുതഗതിയിൽ നടന്നുവരുന്നുണ്ട്. എത്രയുംവേഗം ഈ റോഡിലൂടെ ഗതാഗതം പുനഃസ്ഥാപിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(5) രാമക്കൽമേട്ടിൽ കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതി

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ കരുണാപുരം പഞ്ചായത്തിലെ രാമക്കൽമേട്ടിൽ കാറ്റിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി മുടങ്ങിക്കിടക്കുകയാണ്. അതിലൊരു പ്രധാനപ്പെട്ട പ്രശ്നമുണ്ട്. ഈ പദ്ധതിയുടെ തൊട്ടടുത്തുതന്നെ തമിഴ്നാട് ഗവൺമെന്റ് ഇപ്പോൾ ഒരു പദ്ധതി ആരംഭിച്ചിരിക്കുകയാണ്. തമിഴ്നാട് ഗവൺമെന്റ് പദ്ധതി ആരംഭിച്ചുകഴിഞ്ഞാൽ നമുക്ക് പദ്ധതി തുടങ്ങാൻ കഴിയില്ല. വളരെയധികം വൈദ്യുതി പ്രതിസന്ധി നേരിടുന്ന ഈ സന്ദർഭത്തിൽ ഗവൺമെന്റ് ഈ പദ്ധതി ആരംഭിക്കുന്നത് വളരെ നല്ലതാണ്, ഗുണം ചെയ്യുന്നതാണ്. ജനങ്ങൾക്ക് പ്രയോജനം ചെയ്യുന്ന ഈ പരിപാടി ആരംഭിക്കാനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ എന്നാണ് അറിയേണ്ടത്.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ രാമക്കൽമേട്ടിനടുത്ത് ചില്ലിക്കാനം എന്ന സ്ഥലത്ത് 2 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഒരു കാറ്റാടിപ്പാടം ഡെമോൺസ്ട്രേഷൻ പദ്ധതിയിലുൾപ്പെടുത്തി സ്ഥാപിക്കുന്നതിന് അനെർട്ട് തയ്യാറാക്കിയിട്ടുള്ള പദ്ധതി കേന്ദ്ര പാരമ്പര്യേതര ഊർജ്ജ വകുപ്പ് അംഗീകരിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി 17.79 ഏക്കർ സ്ഥലത്തിനായി ഉടുമ്പൻചോല തഹസിൽദാരുടെ റിപ്പോർട്ട്പ്രകാരം 4,95,350 രൂപ അനർട്ടിന്റെ ഫണ്ടിൽനിന്ന് നൽകിയെടുക്കുന്നതിന് 10-3-2003-ൽ ശാസ്ത്രസാങ്കേതിക പരിസ്ഥിതി വകുപ്പ് അനെർട്ടിന് എഴുതിയിട്ടുണ്ട്. ഇവിടെനിന്ന് 100 മെഗാവാട്ട് വൈദ്യുതിയെങ്കിലും ഉണ്ടാക്കാമെന്നാണ് സർവ്വേ വെളിപ്പെടുത്തിയിട്ടുള്ളത്. ഈ വൈദ്യുതി ഉൽപ്പാദനം കാര്യക്ഷമമായി നടത്താൻ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി കൂടി ആവശ്യമായ ശുപാർശകൾ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൻമേൽ ശാസ്ത്ര-സാങ്കേതിക-പരിസ്ഥിതി വകുപ്പിന്റെ നിർദ്ദേശപ്രകാരം ഈ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സ്ഥലങ്ങളിൽനിന്ന് ഇതിൽ താൽപ്പര്യമുള്ളവരുടെ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് പത്രപ്പരസ്യം മുഖേന ക്ഷണിക്കുകയും അതു നൽകുകയും അതിന്റെ തുടർനടപടികൾ നടന്നു വരികയുമാണ്. പദ്ധതി എത്രയും വേഗം നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly